മുദ്രകൾ

# സമാധാനത്തിന്റെ വഴിയിൽ രണ്ട് മതനേതാക്കൾ


*പാസ്റ്റർ വൂയിയും മുഹമ്മദ് അശഫയും*

**നൈജീരിയൻ** നഗരങ്ങളിലും ഗ്രാമങ്ങളിലും ചോരചിന്തിയ രണ്ട് മിലീഷ്യകളുടെ തലവന്മാരായിരുന്നു മുഹമ്മദ് അശഫയും ജെയിംസ് വൂയിയും. ഇന്നവർ മിലീഷ്യാ തലവന്മാരല്ല. ഇമാം അശഫയും പാസ്റ്റർ വൂയിയുമാണ്. പരസ്പരം കൊലവിളിച്ച് നടന്നവർ ഉറ്റ ചങ്ങാതിമാരായി മാറിയ കഥ നൈജീരിയയിലെ ക്രിസ്ത്യൻ-മുസ്‌ലിം സംഘർഷത്തിന് വിരാമം കുറിക്കുമെന്ന പ്രതീക്ഷ നിലനിർത്തുന്നു.

"എവിടെ സംഘർഷമുണ്ടായി എന്നു കേട്ടാലും ഞങ്ങൾ അപ്പോൾ പുറപ്പെടും. എന്നിട്ട് ഇരുപക്ഷത്തെയും ഒന്നിച്ചിരുത്തി അവരെ സമാധാനത്തിന്റെ പാതയിലേക്ക് കൊണ്ടുവരും"- പാസ്റ്റർ വൂയി പറഞ്ഞു. സൈപ്രസിൽ ഒരു ബഹുമത സമ്മേളനത്തിൽ സംബന്ധിക്കാൻ എത്തിയതായിരുന്നു ഇരുവരും.

മുസ്‌ലിംകൾക്കെതിരെ ഒരു ക്രിസ്ത്യൻ മിലീഷ്യക്ക് നേതൃത്വം നൽകിയ ആളായിരുന്നു വൂയി. "1992-ൽ മുഹമ്മദ് അശഫയുടെ മിലീഷ്യയുമായി നടന്ന സംഘട്ടനത്തിൽ എന്റെ ഒരു കൈ നഷ്ടപ്പെട്ടു. പിന്നെയാണ് ഞാൻ ക്രിസ്ത്യൻ പാതിരിയായത്. ഒരു വശത്ത് ക്രൈസ്തവ മൂല്യങ്ങൾ പ്രബോധനം ചെയ്യുക, മറുവശത്ത് മുസ്‌ലിംകളെ വെറുക്കാൻ പഠിപ്പിക്കുക- ഇത് രണ്ടും ഒരേ സമയം സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കി."

ഒരു ക്രിസ്ത്യൻ മിലീഷ്യാ ആക്രമണത്തിൽ അശഫക്ക് നഷ്ടമായത് തന്റെ ഗുരുവിനെയും കുടുംബത്തെയുമാണ്. ശത്രുവിന് മാപ്പുകൊടുക്കുന്നത് ഏറ്റവും മഹനീയമായ ഇസ്‌ലാമിക മൂല്യമാണെന്ന് മനസ്സിലാക്കിയത് പിന്നീടാണ്. "മാപ്പ് കൊടുക്കാത്ത ഒരു മനസ്സാണ് നിങ്ങൾക്കുള്ളതെങ്കിൽ നിങ്ങൾക്കൊരിക്കലും ഒരു യഥാർഥ മുസ്‌ലിമാവാൻ കഴിയില്ല. ഞാനൊരു നല്ല മുസ്‌ലിമാവാൻ ശ്രമിക്കുകയാണ്."

തുടർന്ന് ഇരുവരും ചേർന്ന് ക്രൈസ്തവ-മുസ്‌ലിം ചേരിതിരിവ് രൂക്ഷമായി നിലനിൽക്കുന്ന കഡൂണ നഗരത്തിൽ ബഹുമത സംവാദങ്ങൾക്കായി ഒരു കേന്ദ്രം പണിതു. മതമല്ല, മതത്തെ ചിലർ ഹൈജാക്ക് ചെയ്യുന്നതാണ് രക്തച്ചൊരിച്ചിലിന് കാരണമെന്ന് അവർ ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുന്നു.

നൈജീരിയയിൽ മുസ്‌ലിംകൾ ജനസംഖ്യയുടെ 55 ശതമാനവും ക്രിസ്ത്യാനികൾ 40 ശതമാനവും ആണ്. വടക്കൻ ഭാഗത്ത് മുസ്‌ലിംകളും തെക്കൻ ഭാഗത്ത് ക്രിസ്ത്യാനികളുമാണ് ഭൂരിപക്ഷം. നൂറ്റാണ്ടുകളോളം അവർ സമാധാനത്തോടെ സഹവർത്തിച്ചെങ്കിലും, തൽപരകക്ഷികളുടെ ഇടപെടൽ അടുത്തകാലത്ത് മത സംഘർഷങ്ങൾക്ക് വഴിവെച്ചു. നൈജീരിയയിൽ മാത്രമല്ല, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ചെന്ന് വൂയിയും അശഫയും മതസൗഹൃദത്തിന്റെ സന്ദേശം കൈമാറുന്നു. "മതനേതാക്കൾക്ക് ലോകത്തെ വ്യത്യസ്തമാക്കാൻ കഴിയും"- വൂയി പറയുന്നു. ■


## ഇസ്‌ലാമിന്റെ ആഗമനത്തെക്കുറിച്ച് വീണ്ടും ഹോളിവുഡ് സിനിമ

**മുഹമ്മദ്** നബിയെക്കുറിച്ചും ഇസ്‌ലാമിന്റെ ആഗമനത്തെക്കുറിച്ചും ഹോളിവുഡ് പുതിയ സിനിമ നിർമിക്കുന്നു. "സംഘട്ടനങ്ങളെയോ സംഘർഷങ്ങളെയോ കേന്ദ്രീകരിച്ചുള്ള ഒരു സിനിമയായിരിക്കില്ല ഇത്. എല്ലാ മുസ്‌ലിംകളും പൊതുവായി പങ്കുവെക്കുന്ന സ്നേഹം, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങളിലായിരിക്കും ഊന്നൽ"- സംവിധായകൻ ഓസ്കാർ സഗ്ബി പറഞ്ഞു. 'സമാധാനത്തിന്റെ സന്ദേശവാഹകൻ' (The Messenger of Peace) എന്നാണ് സിനിമയുടെ പേര്. മക്കയിലും മദീനയിലും വെച്ചായിരിക്കും മിക്ക രംഗങ്ങളും ചിത്രീകരിക്കുക.

ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രത്തെ ആസ്പദമാക്കി പുറത്തിറങ്ങിയ ലക്ഷണമൊത്ത ഏക സിനിമയാണ് *ദ മെസ്സേജ്* (1976). ഇതിന്റെ നിർമാണത്തിൽ പുതിയ ചിത്രത്തിന്റെ സംവിധായകനായ ഓസ്കാർ സഗ്ബി സഹകരിച്ചിട്ടുണ്ട്. താൻ ഏറ്റെടുത്തിരിക്കുന്നത് വലിയൊരു വെല്ലുവിളിയാണെന്ന് അദ്ദേഹത്തിന് നല്ലബോധ്യമുണ്ട്. *മെസ്സേജിൽ* എന്ന പോലെ ഈ ചിത്രത്തിലും പ്രവാചകൻ പ്രത്യക്ഷപ്പെടുന്നില്ല. പ്രവാചകന്റെ സാന്നിധ്യം ഉടനീളം ഉണ്ടുതാനും. മൃദുവായ പശ്ചാത്തല സംഗീതം നൽകിയാണ് പ്രവാചകന്റെ സാന്നിധ്യം അറിയിക്കുക. പ്രവാചകന്റെ കണ്ണിലൂടെ സംഭവങ്ങളെ നോക്കിക്കാണുന്ന കാമറാ തന്ത്രമാണ് പ്രയോഗിക്കുന്നത്.

ഹോളിവുഡ് സംവിധായകനായ റാംസി തോമസിന്റേതാണ് തിരക്കഥ. ഇംഗ്ലീഷിൽ എഴുതുന്ന സംഭാഷണങ്ങൾ പിന്നീട് അറബി പോലുള്ള നിരവധി ഭാഷകളിലേക്ക് ഡബ്ബ് ചെയ്യും. "ക്രിസ്തുമതത്തിന്റെ ആദ്യകാല ചരിത്രത്തെക്കുറിച്ച് ഇതിനകം മുപ്പതിലധികം സിനിമകൾ ഇറങ്ങിയിട്ടുണ്ട്. ഇസ്‌ലാമിനെക്കുറിച്ച് ഒന്നു മാത്രവും. ഈ വിടവ് നികത്താനുള്ള ഒരു ശ്രമമാണിത്"-ചിത്രത്തിന്റെ നിർമാതാവായ അബ്ദുൽ ഹാജ പറഞ്ഞു. ■

# ഒബാമക്ക് മുത്വീഉർറഹ്മാൻ


മുതീഉർറഹ്മാൻ

**നിയുക്ത** അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമക്ക് ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി അമീറും മുൻ കേന്ദ്രമന്ത്രിയുമായ മൗലാനാ മുത്വീഉർറഹ്മാൻ നിസാമി അഭിനന്ദന സന്ദേശമയച്ചു. കത്തിന്റെ പൂർണരൂപം:

"അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ താങ്കൾ നേടിയ ഉജ്ജ്വല വിജയത്തിൽ ഞാൻ സ്വന്തം പേരിലും ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമിയുടെ പേരിലും താങ്കളെ അഭിനന്ദിക്കുന്നു. താങ്കളുടെ വിജയം ലോകം മുഴുക്കെ ജനാധിപത്യ പുനഃസ്ഥാപനത്തിന് പ്രേരണയായിത്തീർന്നിരിക്കുന്നു. 'മാറ്റം-അതാണ് ഞങ്ങൾക്ക് വേണ്ടത്' എന്ന താങ്കൾ ഉയർത്തിയ മുദ്രാവാക്യം അമേരിക്കൻ ജനത സ്വീകരിച്ചു. താങ്കളുടെ നാട്ടിലും മറ്റു നാടുകളിലും ക്രിയാത്മക മാറ്റങ്ങൾ ഉണ്ടാവുമെന്ന പ്രതീക്ഷയിൽ പുറം ലോകവും ആ മുദ്രാവാക്യത്തെ ഏറ്റുപിടിച്ചു.

താങ്കളുടെ ചടുലവും കാര്യക്ഷമവുമായ നേതൃത്വത്തിൻ കീഴിൽ അമേരിക്ക സമാധാനത്തിലേക്കും ക്ഷേമത്തിലേക്കും സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക പുരോഗതിയിലേക്കും നീങ്ങുമെന്നും സാമ്പത്തികമാന്ദ്യം പോലുള്ള ഗുരുതരമായ പ്രശ്നങ്ങൾ മറികടക്കാനുള്ള ശേഷി കൈവരിക്കുമെന്നും പ്രതീക്ഷിക്കുന്നു. അതുപോലെ അവകാശങ്ങൾ നിഷേധിക്കപ്പെട്ട, അടിച്ചമർത്തപ്പെട്ട സമൂഹങ്ങൾക്ക് നീതി ലഭ്യമാവുകയും ലോകത്ത് സമാധാനം കളിയാടുകയും ചെയ്യട്ടെ. താങ്കളുടെ ഭരണകാലത്ത് മധ്യപൗരസ്ത്യ ദേശത്തെ പ്രതിസന്ധി സമാധാനപരമായി പരിഹരിക്കപ്പെടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു." ■

## മദ്യലഹരിയുടെ കാളരാത്രികൾ

Glassing – ആസ്ത്രേലിയൻ പത്രങ്ങളിലും ടി.വി ചാനലുകളിലും തുടരെത്തുടരെ പ്രത്യക്ഷപ്പെടുന്ന ഒരു വാക്കാണിത്. കുടിച്ചുകൊണ്ടിരിക്കുന്ന മദ്യക്കുപ്പി പൊട്ടിച്ച് മറ്റുള്ളവന്റെ മുഖത്ത് കുത്തിക്കയറ്റുന്ന കലാപരിപാടിക്ക് പറയുന്ന പേരാണിത്. ഗ്ലാസിങ്ങിന്റെ ഇരകളിലൊരാളാണ് ക്രിസ്റ്റൽ കെല്ലി. ഒപ്പം കുടിച്ചുകൊണ്ടിരുന്ന മറ്റൊരുത്തിയാണ് കെല്ലിയുടെ മുഖത്ത് കുപ്പിച്ചില്ല് കുത്തിയിറക്കിയത്. കെല്ലിയുടെ ഒരു കണ്ണിന് കാഴ്ചശക്തി പൂർണമായി നഷ്ടപ്പെട്ടു.


ക്രിസ്റ്റൽ കെല്ലി

സിഡ്നിയിലും വടക്കൻ നഗരമായ ഡാർവിനിലും പടിഞ്ഞാറൻ തീരത്തുള്ള പെർത്ത് നഗരത്തിലുമെല്ലാം ഗ്ലാസിങ്ങ് പോലുള്ള കുടിയന്മാരുടെ അതിക്രമങ്ങൾ വർധിച്ചുവരുന്നതായാണ് റിപ്പോർട്ട്. ആസ്ത്രേലിയയിൽ ഏറ്റവുമധികം ജനസംഖ്യയുള്ള ന്യൂ സൗത്ത് വെയ്ൽസ് സംസ്ഥാനത്ത് 21,000 മദ്യപാന കേസുകളാണ് കഴിഞ്ഞ വർഷം മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ടത്. തൊട്ടുമുൻ വർഷത്തേക്കാൾ ഏഴു ശതമാനം വർധനവ്. ഈ വർഷം ഏപ്രിലിൽ *മോർഗൻ പോൾ* നടത്തിയ സർവേയിൽ ആസ്ത്രേലിയയിലെ അഞ്ചിലൊരാൾ മദ്യപാനത്തിന്റെ കെടുതികൾ അനുഭവിക്കുന്നുണ്ടെന്നാണ് കണ്ടെത്തിയത്. മെൽബൺ യൂനിവേഴ്സിറ്റിയിലെ ബർനറ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ, ആസ്ത്രേലിയൻ ഫുട്ബോൾ ലീഗിലെ കളിക്കാരിൽ എൺപത് ശതമാനവും മുഴുകുടിയന്മാരാണത്രെ.

**മു ദ്ര ക ൾ**

മദ്യപാനം ആസ്ത്രേലിയൻ സമൂഹത്തെ അക്രമാസക്തരാക്കി മാറ്റുകയാണെന്ന് സിഡ്നിയിലെ സെന്റ് വിൻസന്റ് ആശുപത്രിയിലെ ഡോ. ഗോർഡൻ ഫുൾഡെ പറയുന്നു. ലൈസൻസുകൾ കർശനമാക്കിയും അവധി ദിനങ്ങളിൽ നഗരങ്ങളിൽ കൂടുതൽ പോലീസുകാരെ വിന്യസിച്ചും മദ്യത്തിന് നികുതി വർധിപ്പിച്ചുമൊക്കെ അതിക്രമങ്ങൾക്ക് തടയിടാൻ ഗവൺമെന്റ് നോക്കുന്നുണ്ടെങ്കിലും കുറ്റകൃത്യങ്ങളുടെ എണ്ണം ക്രമാതീതമായി വർധിക്കുക തന്നെയാണ്. ■

## വഴിയാധാരമാക്കപ്പെട്ട രണ്ടു ലക്ഷം പേർ

**ആസാമിലെ** ധരംഗ്, ഉഡൽഗുരി, സോന്തിപൂർ ജില്ലകളിലെ എൺപത് ഗ്രാമങ്ങളിൽ നടന്ന ന്യൂനപക്ഷവിരുദ്ധ കലാപത്തിൽ മുപ്പതിനായിരത്തിലധികം വീടുകൾ അഗ്നിക്കിരയാക്കപ്പെട്ടതായി കണക്കാക്കപ്പെടുന്നു. ആയിരം പേർക്ക് പരിക്കേറ്റു. 150 പേർ വധിക്കപ്പെട്ടു. മൊത്തം രണ്ടു ലക്ഷം ജനങ്ങളാണ് കലാപക്കെടുതികൾക്ക് ഇരയായത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന് ജമാഅത്തെ ഇസ്‌ലാമിയുടെ സംസ്ഥാന ഘടകം ഒരു കൺട്രോൾ റൂം തുറന്നിട്ടുണ്ട്. "ഇത്രയധികം ജനങ്ങളുടെ സംരക്ഷണം ഏറ്റെടുക്കാൻ ഞങ്ങൾ ഒറ്റക്ക് വിചാരിച്ചാൽ സാധിക്കുകയില്ല. സാമ്പത്തികമായും ശാരീരികമായും സഹായിക്കാൻ കഴിവുള്ളവർ മുന്നോട്ടുവന്ന് പുനരധിവാസ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകണം"- ജമാഅത്തെ ഇസ്‌ലാമി ആസാം നോർത്ത് സോൺ പ്രസിഡന്റ് എം. ശംസ് അഹമദ് അഭ്യർഥിച്ചു.

Jamaat Relief Committee, Jamaat-e-Islami Hind Assam (N), UCO Bank, Silpukhuri Branch, A/c No: 05330100014594 എന്ന വിലാസത്തിലാണ് സഹായങ്ങൾ അയക്കേണ്ടത്. പോസ്റ്റൽ വിലാസം: Jamaat Relief Committee, Jamaat-e- Islami Hind Assam Zone (N), House No-23, Hedayetpur, Guwahati-3, Assam